©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ആഗസ്റ്റ് 01
01st August 2025
1200 കർക്കടകം 16
16th Karkadakam 1200
1947 ശ്രാവണം 10
10th Sravana 1947

നമ്പർ
No.
2834

1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) പ്രകാരമുള്ള പരസ്യം

നമ്പർ എ2 –378/2025. *2025 ജൂലായ്, 29.*

താഴെപ്പറയുന്ന താലൂക്കിലെ താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വെ നമ്പറുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാൽ ഈ വില്ലേജിൽ സർവ്വേ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6 (1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു. താഴെപ്പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അതിനോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു;

പ്രസ്തുത ആക്ടിലെ 6 (2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപ്പറഞ്ഞ ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്;

പ്രസ്തുത ആക്ടിലെ 6 (3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും

(എ) സർവ്വെ ചെയ്യുന്നതിനു വേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വേലികളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും;

(ബി) കൊടിപിടിക്കുന്നവരെയും ചെയിൻമാൻമാരേയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും;

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വേയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു;

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ചവരുത്തുകയാണെങ്കിൽ, ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിപ്പിക്കുന്നതും, ആയതിന്റെ ചെലവ് ആക്ടിലും അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാകുന്നു;

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപ്പറഞ്ഞ ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്;

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ചവരുത്തുകയാണെങ്കിൽ, ജോലി കൂലിപ്പണിക്കാരെ കൊണ്ട് ചെയ്യിപ്പിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമിയുടെ വിവരങ്ങൾ

ജില്ല	*താലൂക്ക്*	*വില്ലേജ്*	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*	*വിസ്തീർണ്ണം (ആറിൽ)*
എറണാകുളം	കണയന്നൂർ	പൂണിത്തുറ	..	38/1 pt	1.05
				38/7 pt	0.15
				38/10	0.17
				35/1 pt	1.50
				35/3 pt	0.10
		ഇടപ്പള്ളി സൌത്ത്	..	133/5 pt	0.25
				133/6 pt	0.85
		കാക്കനാട്	9	545/26 pt	1.03
				ആകെ	**5.10**

(ഒപ്പ്)
സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നം.2,
കൊച്ചി മെട്രോ റെയിൽ പ്രൊജക്ട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.01 07:09:48 +05:30